പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 178 — 25.03.2013 ൽ മറുപടിക്ക്

## സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ നിരീക്ഷിക്കാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക<br>ശ്രീ. ജി. സുധാകരൻ<br>,, പി. റ്റി. എ. റഹീം<br>,, കെ. കെ. നാരായണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പീഡനങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് വീഡിയോ കോൺഫറൻസിലൂടെ മൊഴി നൽകാനുള്ള സംവിധാനം ഏപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല |
| (ബി) എങ്കിൽ ഇതിനായി ഏതെല്ലാം സ്ഥലങ്ങളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തുകയുണ്ടായി; | (ബി) ബാധകമല്ല. |
| (സി) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഔദ്യോഗികകേന്ദ്രങ്ങളിലും ബസ്സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും തടയുന്നതിനും നിരീക്ഷിക്കുന്നതിനും നിലവിൽ സംവിധാനങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) പൊതുസ്ഥലങ്ങളിലും, ജോലി സ്ഥലങ്ങളിലും ട്രെയിനുകളിലും മറ്റ് വാഹനങ്ങളിലും സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകാതെ തടയുന്നതിനായി വനിതാപോലീസുദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസുദ്യോഗസ്ഥരെ സേവനത്തിനായി നിയോഗിച്ചിട്ടുണ്ട്. വനിതാ ഷാഡോ പോലീസുദ്യോഗസ്ഥർ ഇത്തരം സംഭവങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ച് വരുന്നുണ്ട്. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യുണിറ്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന സെമിനാറുകൾ, വിദ്യാഭ്യാസവകുപ്പും പോലീസും പരസ്പര സഹകരണത്തോടെ നടപ്പിലാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് |

പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ എന്നിവയിലൂടെ ലൈംഗികചൂഷണം ഉൾപ്പെടെയുള്ള അതിക്രമങ്ങളെപ്പറ്റി സ്ത്രീകളെയും പെൺകുട്ടികളെയും ബോധവതികളാക്കി വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ സാധ്യമായ പോലീസ് നിരീക്ഷണവും പട്രോളിംഗും നടത്തി വരുന്നുണ്ട്. ബസ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, തിരക്കേറിയ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിരീക്ഷണക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) മാനഭംഗത്തിനിരയാകുന്നവരുടെ തെളിവെടുപ്പുകളും ഇപ്പോൾ പീഡനങ്ങളായി മാറിയ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും തക്കതായ നടപടി സ്വീകരിച്ചില്ലെന്ന് തെളിഞ്ഞാൽ ഉത്തരവാദപ്പെട്ടവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ഇ) പീഡനങ്ങൾക്കിരയാവുന്ന സ്ത്രീകളുടെ പരാതികളിന്മേൽ ഉത്തരവാദപ്പെട്ടവർ കടമ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ഉൾപ്പെടെ കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ 2013 ലെ ക്രിമിനൽ നിയമ (ഭേദഗതി) ഓർഡിനൻസ് പ്രകാരം ഇന്ത്യൻ ശിക്ഷാനിയമത്തിൽ പുതിയതായി ഉൾക്കൊള്ളിച്ച 166 A എന്ന വകുപ്പ് പ്രകാരവും ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വീഴ്ച വരുത്തുന്ന സർക്കാർ ഉദ്യോഗസ്ഥനെ ഒരു വർഷത്തെ തടവോ, പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണെന്ന് പ്രസ്തുത വകുപ്പിൽ അനുശാസിച്ചിരിക്കുന്നു |

സെക്ഷൻ ഓഫീസർ